Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നമ്പർ : KITE/2020/1562 (20)    തീയതി : 07.10.2020

## സർക്കുലർ

വിഷയം: **കൈറ്റ് – ലിറ്റിൽ കൈറ്റ്സ് – കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 വർഷത്തെ പ്രവർത്തനങ്ങൾ ഡിജിറ്റൽ സങ്കേതങ്ങളുടെ സഹായത്താൽ നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന : 1. സ. ഉ. (സാ ധ) നം. 361/2018 പൊ. വി. വ തീയതി 20.01.2018.

2. ഈ ഓഫീസിലെ 02.06.2020 ലെ KITE/2020/1515-6(2)നമ്പർ സർക്കുലർ

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ-സർക്കാർ എയ്ഡഡ് ഹൈസ്കൂളുകളിൽ ലിറ്റിൽ കൈറ്റ്സിന്റെ 1909 യൂണിറ്റുകൾ 2019-22 കാലയളവിൽ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനം നേരിടുന്ന കോവിഡ് 19 വെല്ലുവിളികളുടെ സാഹചര്യത്തിലും എസ്.പി.സി.യുടെ ചില പ്രവർത്തനങ്ങൾ ജില്ലകളിൽ നടക്കുന്നതിനാലും ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളുടെ പ്രവർത്തനങ്ങളും നിബന്ധനകൾക്ക് വിധേയമായി നടത്താവുന്നതാണെന്ന് ജില്ലകളിൽ നടന്ന മാസ്റ്റർട്രെയിനർമാരുടെ യോഗം നിർദ്ദേ ശിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ 2019-21, 2019-22 ബാച്ചുകളിലെ അംഗങ്ങൾക്കുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. 2019-22 ബാച്ചിലെ (ഇപ്പോൾ ഒമ്പതാം തരത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾ) അംഗങ്ങൾക്കുള്ള റുട്ടീൻ ക്ലാസ്സുകളും എക്സ്പെർട്ട് ക്ലാസുകളും 'ഫസ്റ്റ് ബെൽ' മാതൃകയിൽ ആരംഭിക്കുന്നതാണ്. കൈറ്റ് തയ്യാറാക്കി സംപ്രേഷണം ചെയ്യുന്ന ക്ലാസുകൾ എല്ലാ അംഗങ്ങൾക്കും വീക്ഷിക്കുന്നതിനും ലഭ്യമാക്കുന്നതിനും ക്രമീകരണങ്ങൾ അതത് കൈറ്റ് മാസ്റ്റർമാർ ഒരുക്കേണ്ടതാണ്.
2. കൈറ്റ് സംപ്രേഷണം ചെയ്യുന്ന പ്രത്യേക ക്ലാസുകൾ എല്ലാ അംഗങ്ങളും കൃത്യമായി പ്രയോജനപ്പെടുത്തി അതിന്റെ തുടർപ്രവർത്തനങ്ങൾ കൈറ്റ് മാസ്റ്റർമാർ നടപ്പിലാക്കുന്നുവെന്ന് അതത് സ്കൂൾ പ്രഥമാധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്.
3. ക്ലാസ് സംബന്ധിച്ച് കൈറ്റ് സമയാസമയങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ സ്കൂൾ പ്രഥമാധ്യാപകരേയും കൈറ്റ് മാസ്റ്റർമാരേയും അറിയിക്കേണ്ടതും കോവിഡ്19 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് യൂണിറ്റുകൾ പ്രവർത്തിക്കുന്നു എന്ന് ചുമതലയുള്ള മാസ്റ്റർട്രെയിനർ പരിശോധിക്കേണ്ടതുമാണ്. ജില്ലാ കോർഡിനേറ്റർ ഇത് ഉറപ്പുവരുത്തേണ്ടതാണ്.
4. 'ഫസ്റ്റ് ബെൽ' മാതൃകയിൽ ക്ലാസുകൾ ലഭ്യമാക്കുന്നതിനാൽ കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനൽ, ലൈവ് ടെലികാസ്റ്റ്, യൂട്യൂബ് ചാനൽ എന്നിങ്ങനെ ഏതെങ്കിലും സംവിധാനം മുഖേന അംഗങ്ങൾക്ക് ക്ലാസുകൾ കാണാവുന്നതാണ്. അതിനാൽ എല്ലാ അംഗങ്ങളും ഓരോ ക്ലാസും കൃത്യമായി വീക്ഷിച്ച് നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നുണ്ടെന്ന് അതത് കൈറ്റ് മാസ്റ്റർമാർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

5. ലിറ്റിൽ കൈറ്റ്സ് ക്ലാസുകൾ കാണുന്നതിന് ഏതെങ്കിലും അംഗത്തിന് സൗകര്യങ്ങളില്ലെങ്കിൽ സ്കൂൾ പ്രഥമാധ്യാപകരുമായി ആലോചിച്ച് ഇതിനുള്ള ക്രമീകരണം അതത് കൈറ്റ് മാസ്റ്റർ/മിസ്ട്രസ് ഒരുക്കേണ്ടതാണ്. സൂചന രണ്ട് പ്രകാരം 'ഫസ്റ്റ് ബെൽ' ക്ലാസ് വീക്ഷിക്കുന്നതിന് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ലിറ്റിൽകൈറ്റ്സ് ക്ലാസുകൾക്കും പ്രയോജനപ്പെടുത്തേണ്ടതാണ്.

6. ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കുള്ള പ്രത്യേക ക്ലാസിന്റെ തുടർച്ചയായി പ്രായോഗിക പ്രവർത്തനങ്ങൾ ചെയ്യുന്നതിനും ഉല്പന്നങ്ങൾ തയ്യാറാക്കുന്നതിനും ലാപ്ടോപ്പ് ക്രമീകരിക്കാൻ കഴിയാത്ത അംഗങ്ങൾക്ക് ഹൈടെക് സ്കൂൾ/ഹൈടെക് ലാബ് പദ്ധതികളുടെ ഭാഗമായി സ്കൂളുകൾക്ക് വിതരണം ചെയ്ത ലാപ്ടോപ്പുകൾ സൂചന 2-ലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഉപയോഗിക്കാവുന്നതാണ്. ഇതിനുള്ള സൗകര്യം കൈറ്റ് മാസ്റ്റർ/മിസ്ട്രസ്മാർ പ്രഥമാധ്യാപകരുമായി ആലോചിച്ച് ഒരുക്കേണ്ടതാണ്.

7. ഓരോ അംഗത്തിന്റേയും ഓരോ ക്ലാസിന്റേയും ഹാജരും പങ്കാളിത്തവും തുടർപ്രവർത്തനങ്ങളും കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുണ്ട്. ക്ലാസുകൾക്ക് ശേഷം അംഗങ്ങൾ തയ്യാറാക്കുന്ന ഉൽപ്പന്നങ്ങൾ കൈറ്റ് മാസ്റ്റർ/മിസ്ട്രസ്മാർ ശേഖരിക്കേണ്ടതും മൂല്യനിർണയം നടത്തേണ്ടതുമാണ്. അംഗങ്ങളുടെ ഹാജർ വിശദാംശങ്ങൾ കൃത്യമായി ഓൺലൈൻ മാനേജ്മെന്റ് സിസ്റ്റത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

8. 2019-21 ബാച്ചിലെ അംഗങ്ങൾ ലിറ്റിൽ കൈറ്റിന്റെ ഭാഗമായുള്ള വ്യക്തിഗത പ്രോജക്ടുകൾ അനുബന്ധമായി നൽകിയിരിക്കുന്ന നിർദ്ദേശപ്രകാരം തയ്യാറാക്കി നവംബർ 30 നകം സമർപ്പിക്കുന്നതിന് കൈറ്റ് മാസ്റ്റർ/മിസ്ട്രസ്മാർ മുഖേന നിർദ്ദേശം നൽകുന്നതിന് പ്രഥമാധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്.

9. ഓരോ അംഗത്തിനും ലഭിക്കുന്ന മാർക്ക് പുനഃപരിശോധന ആവശ്യമായതിനാൽ പ്രോജക്റ്റിന്റെ ഡിജിറ്റൽ പകർപ്പ് രണ്ടു വർഷക്കാലം വിദ്യാലയത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യപ്പെടുന്ന സമയത്ത് ലഭ്യമാക്കേണ്ടതുമാണ്.

10. കൈറ്റ് മാസ്റ്റർ/മിസ്ട്രസ്മാരുടെ യോഗം ഓൺലൈൻ സംവിധാനത്തിലൂടെ 2020 ഒക്ടോബർ 15 നകം ജില്ലകളിൽ പൂർത്തിയാക്കേണ്ടതാണ്. യോഗത്തിൽ മുകളിൽ പ്രതിപാദിച്ച നിർദ്ദേശങ്ങൾ വിശദമായി ചർച്ച ചെയ്യേണ്ടതും ആവശ്യമായ ആസൂത്രണം നടത്തി പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടതുമാണ്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അനുവദിച്ച എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - (അറിവിലേക്ക്)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും - ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
അക്കാഡമിക്, അക്കൗണ്ട്സ് വിഭാഗം, കൈറ്റ്
എല്ലാ മാസ്റ്റർ ട്രെയിനർമാർക്കും
സ്റ്റോക്ക് ഫയൽ

*അനുബന്ധം*

**ലിറ്റിൽ കൈറ്റ്സ് വ്യക്തിഗത അസൈൻമെന്റ് തയ്യാറാക്കൽ – നിർദ്ദേശങ്ങൾ**

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ (2020-21 വർഷം പത്താംക്ലാസ്സിൽ പഠിക്കുന്നവർ) ഒരോ വിദ്യാർത്ഥിയും ചുവടെ നൽകിയ ഏതെങ്കിലും ഒരു വിഷയത്തിലുള്ള അസൈൻമെന്റാണ് പൂർത്തിയാക്കേണ്ടത്.

- അനിമേഷൻ
  - ബോധവത്കരണവുമായി ബന്ധപ്പെട്ട ഒരു പ്രമേയം അടിസ്ഥാനമാക്കി മൂന്ന മിനുട്ടിൽ കവിയാത്ത അനിമേഷൻ സിനിമ.
  - പരിസ്ഥിതി, പരിസര ശുചീകരണം, ട്രാഫിക് ബോധവത്കരണം, ലഹരി ആപത്ത്, സൈബർ സുരക്ഷ എന്നീ വിഷയങ്ങളിൽ അനിമേഷൻ സിനിമകൾ.
- ഗ്രാഫിക്സ് ഡിസൈനിങ്
  - പോസ്റ്ററുകൾ, ബാനറുകൾ, വെബ് പേജ് ബാനർ, ബ്രോഷർ, ഫോണ്ട് ഡിസൈനുകൾ, പരസ്യം.
- പ്രോഗ്രാമിങ് / റാസ്പ്ബെറി പൈ / റോബോട്ടിക്സ്
  - ലിറ്റിൽ കൈറ്റ്സ് പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട് പരിചയപ്പെട്ട ആശയങ്ങളെ പ്രയോജനപ്പെടുത്തിയുള്ള നൂതനസാഹചര്യങ്ങളിലുള്ള പ്രയോഗം.

നിർദ്ദേശങ്ങൾ

- ലിറ്റിൽ കൈറ്റ്സ് പാഠ്യപദ്ധതിയിൽ പരിചയപ്പെട്ട സോഫ്റ്റ് വെയറുകളും ഐ.ടി@സ്കൂൾ ഗ്നു ലിനക്സിൽ ഉൾപ്പെടുത്തിയ സോഫ്റ്റ് വെയറുകളുമാണ് അസൈൻമെന്റിനായി ഉപയോഗിക്കേണ്ടത് .
- അസൈൻമെന്റ് വിദ്യാർഥി സ്വയം തയാറാക്കിയതാവണം.
- തയാറാക്കുന്ന ഉല്പന്നം (സോഫ്റ്റ്വെയർ ഉപയോഗിച്ചുള്ള പ്രവർത്തനമാണെങ്കിൽ പ്രോജക്ട് ഫയലുകളും എക്സ്പോർട്ടഡ് ഫയലും, ഡോക്യുമെന്ററിയുടെ ഷൂട്ട് ചെയ്ത raw ഫയലുകൾ മുതലായവ), പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് എന്നിവയാണ് സമർപ്പിക്കേണ്ടത്.
- റിപ്പോർട്ട് എഴുതിത്തയാറാക്കിയതോ ടൈപ്പ് ചെയ്ത് പ്രിന്റ് ചെയ്തതോ ആവാം.